**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5612** **13-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷന്റെ കനാലുകളുടെ സംരക്ഷണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. റ്റി.പി .രാമകൃഷ്ണൻ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ കൃഷിക്കും കുടിവെള്ളത്തിനുമായി ആശ്രയിക്കുന്ന കുറ്റ്യാടി ഇറിഗേഷന്റെ കനാലുകളുടെ സംരക്ഷണത്തിനായി പ്ലാൻ/ നോൺ പ്ലാൻ ഫണ്ട്, എസ്.ഡി.ആർ.എഫ്. ആർ.കെ.ഐ. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോ വർഷവും എത്ര രൂപ വീതം അനുവദിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | 603 കി.മീ. ദൈർഘ്യം വരുന്ന കനാൽ ശൃംഖലകളുടെ അടിയന്തര അറ്റകുറ്റപണികൾക്ക് ഈ തുക മതിയാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. കാലപ്പഴക്കം മൂലവും ക്ഷുദ്ര ജീവികളുടെ ആക്രമണം മൂലവും നിലവിലുള്ള മൺകനാലുകൾക്കും കനാൽ സ്ട്രക്ചറുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിലവിൽ അനുവദിക്കുന്ന തുക ഉപയോഗപ്പെടുത്തി അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികൾ മുൻഗണനാക്രമത്തിൽ നടത്തി വരുന്നുണ്ട്. |
| (സി) | നിലവിൽ വകയിരുത്തുന്ന തുക മതിയാവുന്നില്ലെങ്കിൽ ആവശ്യമായ തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ